കോന്നിയിൽ ഒരു റീസർവ്വേ സൂപ്രണ്ടാഫീസ് ആരംഭിക്കുന്നതിന് നടപടി

196 (3985) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നിയിൽ ഒരു റീസർവ്വേ സൂപ്രണ്ടാഫീസ് ആരംഭിക്കുന്നതിനെ സംബന്ധിച്ച് സർവ്വേ ഡയറക്ടർ നൽകിയ റിപ്പോർട്ടിൻമേൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള തുടർ നടപടികൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനോടകം ഓഫീസ് പ്രവർത്തനം ആരംഭിച്ചുവെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) നാളിതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ആയതിലേക്ക് ആവശ്യമായ ഉത്തരവ് ഉടൻ നൽകുമോ ?

ഉത്തരം

(എ) കോന്നിയിൽ ഒരു പുതിയ റീസർവ്വേ സൂപ്രണ്ട് ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർവ്വേ ഡയറക്ടറോട് ആവശ്യപ്പെടുകയും അതനുസരിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ, പത്തനംതിട്ടയിൽ പ്രവർത്തിച്ചുവരുന്ന റീസർവ്വേ സൂപ്രണ്ട് ഓഫീസുകളിൽ ഒന്ന് കോന്നിയിലേയ്ക്ക് മാറ്റുകയാണെങ്കിൽ റീസർവ്വേ ജോലികൾ സുഗമമായി പൂർത്തിയാക്കുവാൻ കഴിയുന്നതാണെന്ന് സർവ്വേ ഡയറക്ടർ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കോന്നിയിൽ ഒരു പുതിയ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനായി ശുപാർശ സമർപ്പിക്കുവാൻ സർവ്വേ ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) സർവ്വേ ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബാധകമല്ല.

ലാന്റ് റിക്കോർഡുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

197 (3986) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് റിക്കാർഡുകൾ കമ്പ്യൂട്ടർവത്കരിക്കൽ ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സെബന്ധിച്ച് കേന്ദ്ര സഹായം ഏതെല്ലാം സാമ്പത്തിക വർഷം എത്ര രൂപാ വീതം ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly